(ബി) കൃത്രിമ നാരുകൊണ്ടുണ്ടാക്കിയ ഉൽപ്പന്നങ്ങൾ കയറുൽപ്പന്നങ്ങളുടെ സ്ഥാനം കൈയടക്കിയതാണ് കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ ഡിമാന്റ് കുറയുന്നതിനുള്ള പ്രധാന കാരണം.

(സി) ഏകദേശം 20 കോടി രൂപയുടെ.

(ഡി) 3.5 കോടി രൂപ വിലയ്ക്കുള്ള കയറും കയറുൽപ്പന്നങ്ങളും പ്രാഥമിക കയർ സഹകരണ സംഘങ്ങളിൽ കെട്ടിക്കിടക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ) കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി വർഷത്തിൽ 90 ദിവസം 20% റിബേറ്റനുവദിക്കുന്നുണ്ട്. നടപ്പുസാമ്പത്തികവർഷത്തിൽ റിബേറ്റ് നൽകുന്നതിന് 600 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും ഒരു ഷോറൂമിന് ഒരു ലക്ഷം രൂപ വരെ ഗ്രാന്റ് നൽകുന്നു. കൂടുതൽ ഏജൻസി ഷോറൂമുകൾ ആരംഭിച്ചും കയർ ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിന് കയർഫെഡും കയർ കോർപ്പറേഷനും നടപടി സ്വീകരിച്ചുവരുന്നു. കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉൽപ്പാദനവും വിനിയോഗവും വർദ്ധിപ്പിച്ച് കയറിന്റെ വിപണനം ത്വരിതപ്പെടുത്തുന്നതിനുള്ള ബൃഹത് പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

280 (1459) ഡെലിഗേഷൻ

ശ്രീ. വി.ജെ. പൗലോസ് ;

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കയറും കയറുൽപ്പന്നങ്ങളും വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നതിനായി ഒരു പ്രതിനിധി സംഘത്തെ വിദേശത്തേയ്ക്ക് അയച്ചിരുന്നുവോ;

(ബി) ഈ സംഘത്തിൽ ആരെല്ലാമുണ്ടായിരുന്നു;

(സി) അവർ ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചു;

(ഡി) കയറും കയർ ഉൽപ്പന്നങ്ങളും ഈ രാജ്യങ്ങളിൽ വിൽക്കുന്നതിനെപ്പറ്റി അവർ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)-(ഡി) ചോദ്യം ഉദിക്കുന്നില്ല.

281 (1460) കയർഫെഡ് ഉദ്യോഗസ്ഥൻമാരുടെ വിദേശയാത്ര

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly